TINNED FOOD STUFFS—PURCHASE OF

57. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) എത്ര സംഖ്യക്കാണ് മിലിട്ടറിവകുപ്പിൽനിന്നും Tinned Food stuffs കൊച്ചിഗവണ്മെണ്ട് വിലക്കു വാങ്ങിയതു്;

(ബി) എത്ര സംഖ്യ ആ ഇനത്തിൽ ഇതിനകം വിറ്റഴിവുണ്ട്;

(സി) ഇനി എത്ര സംഖ്യക്കുള്ള സ്റ്റോക്കുണ്ട്;

(ഡി) ഈ സാധനങ്ങൾ കൊച്ചീക്കാർക്ക് മാത്രമെ വിറ്റഴിക്കൂ എന്നു വല്ല നിയന്ത്രണവുമുണ്ടോ;

(ഇ) ഈ സാധനങ്ങൾക്കു ഡ്യൂട്ടി ചുമത്തണമെന്നു വല്ല നിർദ്ദേശവും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ സംഖ്യ എത്രത്തോളം വരും;

(എഫ്) ഡ്യൂട്ടി കൂട്ടിക്കൊടുക്കേണ്ടിവന്നാൽ ഈ കച്ചവടം എത്ര സംഖ്യ ലാഭത്തിൽ അല്ലെങ്കിൽ നഷ്ടത്തിൽ കലാശിക്കുമെന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ക. ൫, ൪൯, ന ൫൩—വ— ൭.

(ബി) & (സി) കച്ചവടം കഴിയുന്നതിനു മുമ്പ് ഈ വിവരം പുറത്താക്കുന്നതു് ശരിയായിരിക്കുകയില്ല.

(ഡി) ഇല്ല.

(ഇ) ഈ സംഗതി എഴുത്തുകുത്തിൽ ഇരിക്കുകയാണു്.

(എഫ്) ഇതു് ഇപ്പോൾ പറയുക സാദ്ധ്യമല്ല.

POLITICAL PRISONER—DEFINITION OF

57. Mr. A. Eachara Menon *(Chittur-Tattamangalam):* Will Government be pleased to state.—

(*a*) what is the definition of "Political Prisoner";

(*b*) what were the charges against those who were lately released;

(*c*) who were they?

Mr. B. V. K. Menon *(Secretary to Government):*

(*a*) "Political Prisoner" is a term that does not appear to have been precisely defined. It applies to prisoners accused or convicted of offences against the State under Chapter VI of the Cochin Penal Code.

(*b*) and (*c*) The charges against the following persons released were of the offence of sedition punishable under section 120 Cochin Penal Code.

1. Mr. George Chadayamuri.
2. „ M. K. Sadanandan.
3. „ L. G. Pai.
4. „ E. Narayanan.
5. Mr. K. Sarangadharan.
6. „ K. V. K. Warrier.
7. „ Subramania Ayyar.
8. „ K. M. Methar.

FAIR PRICE SHOPS—ENTRUSTING WITH CO-OPERATIVE SOCIETIES

58. മിസ്റ്റർ പി. വി സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ഗവണ്മെണ്ടു നടത്തുന്ന ന്യായവില ഷാപ്പുകൾ പരസ്പരസഹായസംഘങ്ങളെ ഏല്പിച്ചു കൊടുക്കുവാൻ ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ലൈസൻസ്സു പീടികകളും പരസ്പരസഹായസംഘങ്ങൾക്കാണൊ ഏല്പിച്ചു കൊടുക്കുക;

(ബി) ഇപ്പോൾ നിലവിലുള്ള സഹകരണസംഘങ്ങളെയാണൊ അതൊ റേഷൻകാർഡുകാരുടെ സഹകരണസംഘങ്ങൾ രൂപീകരിച്ചു ആ പുതിയ സംഘങ്ങളെയൊ ഈ ചുമതല ഏല്പിക്കുക?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) സർക്കാർ ന്യായവില ഷാപ്പുകളിൽ ചിലതു് പരസ്പരസഹായസംഘങ്ങൾക്കു വിട്ടുകൊടുത്തു അവയുടെ പ്രവർത്തനം പരീക്ഷിച്ചു നോക്കുവാൻ തീർച്ചയാക്കീട്ടുണ്ടു്. ഫലം തൃപ്തികരമെങ്കിൽ ഇത്തരം എല്ലാ ഷാപ്പുകളും ടി സംഘങ്ങളെ ഏല്പിച്ചു കൊടുക്കുന്നതാണു്. ലൈസൻസ്സു പീടികകളെല്ലാം പരസ്പരസഹായസംഘങ്ങൾക്കു വിട്ടുകൊടുപ്പാൻ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

Page 1

നിശ്ചയിച്ചിട്ടില്ല. കാലക്രമേണ കൂടുതൽ ലൈസൻസ്സ് ഷാപ്പുകൾ തുടങ്ങുവാൻ സംഘങ്ങൾക്ക് കൊടുക്കേണമെന്നാലോചനയുണ്ട്.

(ബി) റേഷൻകാർഡുകാരുടെ സഹകരണസംഘങ്ങൾക്കാണ് മുൻഗണന കൊടുക്കുന്നത്. അവ ഇല്ലാത്തപക്ഷം മറ്റുതരം സഹകരണസംഘങ്ങളുടെകൂടിയും ആലോചിക്കുന്നതാണ്.

CHIEF ENGINEER—HYDRO ELECTRIC BRANCH

59. മിസ്റ്റർ കെ. എ. രാഘവൻ:

താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഹൈഡ്രോ ഇലക്ട്രിക്ക് ബ്രാഞ്ച് ചീഫ് എഞ്ചിനീയർ ചാജ്ജെടുത്തത് എന്നാണ്;

(ബി) ഇദ്ദേഹത്തിന്റെ ശമ്പളം എത്ര;

(സി) ഇദ്ദേഹവും ഗവൺമെണ്ടും തമ്മിൽ വല്ല എഗ്രിമെണ്ടും ഉണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ ഒരു പ്രതി മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ;

(ഇ) അദ്ദേഹത്തിന്റെ ശമ്പളം ആദായനികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്തെ ചീഫ് എഞ്ചിനീയറും ഹൈഡ്രോ ഇലക്ട്രിക്ക് ചീഫ് എഞ്ചിനീയറും തമ്മിൽ അഡ്മിനിസ്ട്രേഷൻ വകയിൽ വല്ല ബന്ധവുമുണ്ടോ;

(ജി) ഹൈഡ്രോ ഇലക്ട്രിക്ക് ചീഫ് എഞ്ചിനീയരുടെ ഹെഡ്കാർട്ടേഴ്സ് എവിടെയാണ്;

(എച്ച്) ഹെഡ്കാർട്ടേഴ്സും പെരിങ്ങൽകുത്ത് സ്ഥലവും തമ്മിൽ എത്ര ദൂരമുണ്ട്;

(ഐ) ഇദ്ദേഹം ചാജ്ജെടുത്തതിനുശേഷം പെരിങ്ങൽകുത്ത് സ്ഥലം എത്ര പ്രാവശ്യം സന്ദർശിച്ചിട്ടുണ്ട്;

(ജെ) ഈ സ്കീമിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം അദ്ദേഹം ചെയ്തിട്ടുണ്ടോ;

(കെ) ഉണ്ടെങ്കിൽ ഈ നിർദ്ദേശത്തിൽ പെരിങ്ങൽകുത്ത് Dam work, sketch, plan ഇവകളും വല്ലതും ഗവൺമെണ്ടിലേക്ക് കിട്ടിയിട്ടുണ്ടോ;

(എൽ) ഇല്ലെങ്കിൽ ആയതിന്റെ താമസത്തിനു കാരണമെന്ത്;

(എം) ഹൈഡ്രോ ഇലക്ട്രിക്ക് ചീഫ് എഞ്ചിനീയരുടെ കീഴിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എത്ര;

(എൻ) അസിസ്റ്റാണ്ട് എഞ്ചിനിയേഴ്സ് എത്ര;

(ഒ) എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എലക്ട്രിക്കൽ കാളിഫിക്കേഷൻ ഉള്ളവരാണോ;

(പി) ഈ നിയമനങ്ങൾ എല്ലാം ആരുടെ ശുപാർശയിൽ നടത്തിയതാണ്?

റാവുസാഹിബ് കെ. അയപ്പൻ:

(എ) ൧൯൪൨ കർക്കടകം ൩-൦നു.

(ബി) മാസത്തിൽ ൧,൭൫൦ ക. പീതം.

(സി) ഉണ്ടായിട്ടുണ്ട്.

(ഡി) കരാറിന്റെ ഒരു പ്രതി മേശപ്പുറത്തു വെച്ചിട്ടുണ്ട്.

(ഇ) ഒഴിവാക്കിയിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ഇപ്പോൾ എറണാകുളത്ത്.

(എച്ച്) ൪൩ നാഴിക.

(ഐ) ഒരിയ്ക്കൽ.

(ജെ) ഇല്ല. Dam site, Reservoir area, മുതലായവ മുഴുവൻ സർവ്വെ ചെയ്തതിനു ശേഷം മാത്രമെ നിർദ്ദേശങ്ങൾ നൽകുവാൻ സാധിക്കുകയുള്ളു. ആ വക പണികൾക്ക് സർവ്വെ നടന്നുവരുന്നുണ്ട്.

(കെ) ഉത്തരം ആവശ്യമില്ല.

(എൽ) സബ്ഡിവിഷൻ (ജെ) ഉത്തരം നോക്കുക.

(എം) ൪൩.

(എൻ) ഇപ്പോൾ ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly